rahmanee
A web portal for the Academia

ഭരണഭാഷ – മാതൃഭാഷ

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട്
Phone: 0495 2722215
Email:ddcecalicut@gmail.com

നം. എ 2/11298/2018 തീയതി: /12/2018

## സർക്കുലർ

വിഷയം : കോളേജ് വിദ്യഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം കോഴിക്കോട് - സ്വകാര്യ എയ്ഡഡ് കോളേജ് - അദ്ധ്യാപകർക്ക് ഓറിയന്റൽ / റിഫ്രഷർ കോഴ്സുകളിൽ പങ്കെടുക്കുന്നതിന് പ്രിൻസിപ്പാൾമാർക്കുള്ള നിർദ്ദേശങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) 05/10/16 ലെ ഡി3/29994/2016/കോ.വി.വ നമ്പർ കത്ത്
2) 21/10/16 ലെ ഡി3/29994/2016/കോ.വി.വ നമ്പർ കത്ത്
3) 23/11/18 ലെ ഡി1/43125/2018/കോ.വി.വ നമ്പർ കത്ത്.

.................

1. അദ്ധ്യാപകർ നിർബന്ധമായും പങ്കെടുക്കേണ്ട യു.ജി.സി സ്കീം പ്രോഗ്രാമുകൾക്ക് (റിഫ്രഷർ / ഓറിയന്റേഷൻ) അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുമ്പ് പ്രസ്തുത കോഴ്സ് / സെമിനാർ അവരവരുടെ വിഷയങ്ങളുമായി ബന്ധപ്പെട്ടതാണൊ എന്ന് പ്രിൻസിപ്പാൾ ഉറപ്പു വരുത്തേണ്ടതാണ്.

2. ഇത്തരം കോഴ്സുകളിൽ അദ്ധ്യാപകർ അപേക്ഷിക്കുന്നതും, പങ്കെടുക്കുന്നതും സർക്കാർ / കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയമങ്ങൾക്കും, നിർദ്ദേശങ്ങൾക്കും അനുസരിച്ചാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഒരേ ഡിപ്പാർട്ടുമെന്റിലെ ഒന്നിലധികം അധ്യാപകരെ കോഴ്സിനയക്കുന്നത് വകുപ്പിലെ പഠന, പഠനാനുബന്ധ പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

3. യു.ജി.സി / എം.എച്ച്.ആർ.സി അല്ലെങ്കിൽ കേരള സർക്കാർ അംഗീകൃത / ധന സഹായമുള്ള കോഴ്സുകളിൽ പങ്കെടുക്കുന്നതിനാണ് അനുമതി നൽകുന്നത്.

4. അധ്യാപകർ കോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി അപേക്ഷകൾ, താഴെ പറയുന്ന രേഖകൾ സഹിതം വിടുതൽ ചെയ്യേണ്ട തിയ്യതിക്ക് '7' ദിവസം മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കോഴ്സിന് തിരഞ്ഞെടുത്ത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള കാൾലെറ്റർ, അദ്ധ്യാപകന്റെ അപേക്ഷ, ഇദ്ദേഹത്തിന്റെ അഭാവം പഠനത്തെ ബാധിക്കുന്നില്ല എന്ന് കാണിക്കുന്ന അദ്ധ്യാപകൻ നൽകിയ കത്ത്, മാനേജരുടെ NOC, പ്രിൻസിപ്പാളിന്റെ സർട്ടിഫിക്കറ്റുകൾ എന്നിവ നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് വകുപ്പ് തലവന്റെ ശുപാർശയോടെ പ്രിൻസിപ്പാൾ മേലൊപ്പ് വെച്ചത്.

5. ഓറിയന്റേഷൻ പ്രോഗ്രാം / റിഫ്രഷർ കോഴ്സുകളിൽ പങ്കെടുക്കുന്ന അദ്ധ്യാപകർ കോഴ്സ് കഴിഞ്ഞതിനു ശേഷം കോഴ്സ് സർട്ടിഫിക്കറ്റ് / അറ്റൻഡൻസ് സർട്ടിഫിക്കറ്റ് / വിടുതൽ ഉത്തരവ്, ജോയിനിംഗ് റിപ്പോർട്ട് എന്നിവ പ്രിൻസിപ്പാൾ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

6. യൂണിവേഴ്സിറ്റി പുറപ്പെടുവിക്കുന്ന ഷെഡ്യൂൾ പ്രാകാരമുള്ള റിഫ്രഷർ കോഴ്സ് / ഓറിയന്റേഷൻ പ്രോഗ്രാമുകൾ പലപ്പോഴും മാറ്റി വെയ്ക്കപ്പെടുകയൊ, റദ്ദ് ചെയ്യുകയോ ചെയ്യുന്ന നടപടികൾ ഉണ്ടാകാറുള്ളതിനാൽ താല്ക്കാലിക അനുമതി നൽകുന്നതിന് സാങ്കേതികമായി പ്രയാസങ്ങൾ ഉണ്ടെന്ന വിവരം അറിയിക്കുന്നു.

7. കോഴ്സുകൾക്കിടയിൽ യു.ജി.സി / സർക്കാർ നിർദ്ദേശിക്കുന്ന ഇടവേള പാലിക്കുന്നുവെന്ന് പ്രിൻസിപ്പാൾ ഉറപ്പുവരുത്തേണ്ടതാണ്.

മേൽ സാഹചര്യത്തിൽ റിഫ്രഷർ കോഴ്സ് / ഓറിയന്റേഷൻ പ്രോഗ്രാമുകളിൽ പങ്കെടുക്കുന്ന അദ്ധ്യാപകരുടെ അപേക്ഷയോടൊപ്പം ഖണ്ഡിക '4' പ്രകാരമുള്ള രേഖകൾ സഹിതം ഓഫീസിലേക്ക് അയക്കുകയും, അദ്ധ്യാപകർ കോഴ്സിൽ പങ്കെടുത്ത് കഴിഞ്ഞതിനു ശേഷം ഖണ്ഡിക '5' പ്രകാരമുള്ള രേഖകൾ ഈ ഓഫീസിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ ഓഫീസിൽ നിന്നുള്ള അനുമതി ഇതിനു ശേഷം ഉത്തരവാകുന്നതാണ്.

വിശ്വസ്തതയോടെ

പ്രിൻസിപ്പാൾ ഇൻ ചാർജ് ഓഫ്

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>

1) എല്ലാ പ്രൈവറ്റ് എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും

2) ഈ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ I & II
   സൂപ്രണ്ടുമാർ, ഹെഡ് അക്കൗണ്ടന്റ്.